## പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 3164** **14.07.2015-ൽ മറുപടിയ്ക്ക്**

# കാവാലം സബ്സ്റ്റേഷൻ നിർമ്മാണത്തിന് സ്ഥലം ഏറ്റെടുക്കൽ

ചോദ്യം

ശ്രീ. തോമസ് ചാണ്ടി :

(എ) കുട്ടനാട്ടിലെ കാവാലം സബ്സ്റ്റേഷൻ നിർമ്മാണത്തിന് സ്ഥലം ഏറ്റെടുക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പു മന്ത്രി)

(എ) 66 കെ. വി. കാവാലം സബ്സ്റ്റേഷൻ നിർമ്മാണാവശ്യത്തിനായി നെഗോഷ്യേറ്റഡ് പർച്ചേസ് പ്രകാരം 0.874 ഹെക്ടർ സ്ഥലം വാങ്ങാനായി 17-08-2008-ലെ ഉത്തരവ് പ്രകാരം സർക്കാർ അനുമതി നൽകിയിരുന്നു. എന്നാൽ ടി സ്ഥലം കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമമനുസരിച്ച് നികത്താൻ പാടില്ലായെന്നുള്ള ആലപ്പുഴ ജില്ലാ കളക്ടറുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതിനു സാധിച്ചിട്ടില്ല. പുതുതായി, കാവാലത്തിനു സമീപം അനുയോജ്യമായ സ്ഥലം കണ്ടെത്താനായിട്ടില്ല. എന്നാൽ നീലംപേരൂർ എന്ന സ്ഥലത്ത് അനുയോജ്യമായ സ്ഥലം കണ്ടെത്തുകയും സാങ്കേതിക പഠനം നടത്തിവരികയുമാണ്.

സെക്ഷൻ ഓഫീസർ.